"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഭവനനിർമ്മാണ വകുപ്പ്- ബജറ്റ് 2024-25-കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം- വിവിധ പദ്ധതികൾക്ക്- തുക അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭവനനിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.7/2025/HSG   തീയതി,തിരുവനന്തപുരം, 17-03-2025

---

പരാമർശം:-

1. സ. ഉ. (സാധാ) നം. 28/2024/HSG തീയതി 14.06.2024
2. സ. ഉ. (സാധാ) നം. 29/2024/HSG തീയതി 15.06.2024
3. സ. ഉ. (സാധാ) നം. 32/2024/HSG തീയതി 15.06.2024
4. സ. ഉ. (സാധാ) നം. 39/2024/HSG തീയതി 19.06.2024
5. സ. ഉ. (പി) നം. 76/2024/ധന തീയതി 31.08.2024
6. സ. ഉ. (സാധാ) നം. 3/2025/HSG തീയതി 25.01.2025
7. ഡയറക്ടർ, കെസ്നിക്കിന്റെ 11.09.2024, 25.09.2024, 13.12.2024 & 31.01.2025 എന്നീ തീയതികളിലെ KESNIK/539/2023-OVSR2(TECH) നം. കത്തുകൾ.

<u>ഉത്തരവ്</u>

2024-25 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്ലാൻ പദ്ധതികളായ "തൊഴിലധിഷ്ഠിത പരിശീലനം ഉൾപ്പടെയുള്ള കാര്യശേഷി വികസനവും നൈപുണ്യ മെച്ചപ്പെടുത്തൽ പരിപാടിയും", "ഓഫീസ് നവീകരണവും ക്യാമ്പസ് വികസനവും", "കലവറയുടെ പ്രവർത്തനങ്ങൾ", "ഫിനിഷിംഗ് സ്കൂൾ" എന്നിവയ്ക്ക് യഥാക്രമം പരാമർശം (1)മുതൽ (4) വരെ ഉത്തരവുകളിലൂടെ ഭരണാനുമതി നല്കിയിരുന്നു. പരാമർശം (5) പ്രകാരം വാർഷിക പദ്ധതികൾ പുനപരിശോധിക്കുവാനും പദ്ധതികളുടെ അനിവാര്യത പരിശോധിച്ച് വകുപ്പിന് ആകെ അനുമതി നല്കിയ തുകയുടെ 50% ആയി നിജപ്പെടുത്തുവാനും ഉത്തരവായിരുന്നു. ആയതിൻപ്രകാരം നടപടി സ്വീകരിച്ച്, മേൽ പദ്ധതികളുടെ ഭരണാനുമതി പരാമർശം (6) പ്രകാരം ഭേദഗതി ചെയ്ത് ഭരണാനുമതി തുക താഴെപ്പറയുന്ന പട്ടികയിൽ ചേർത്തിരിക്കുന്ന പ്രകാരം നിജപ്പെടുത്തിയിരുന്നു. പരാമർശം (7) പ്രകാരം കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർ പ്രസ്തുത തുകകൾ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന നിർമ്മിതി

കേന്ദ്രത്തിന്റെ മേൽ പ്രസ്താവിച്ച പദ്ധതികൾക്ക് താഴെപ്പറയുന്ന പട്ടികയിലെ അഞ്ചാം കോളത്തിൽ രേഖപ്പെടുത്തിയ തുകകൾ ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമനം. (1) | ശീർഷകം (2) | പദ്ധതി (3) | പുതുക്കിയ ഭരണാനുമതി തുക (ലക്ഷത്തിൽ) (4) | അനുവദിച്ച തുക (ലക്ഷത്തിൽ) (5) |
|---|---|---|---|---|
| 1 | 2216-80-101-99 | തൊഴിലധിഷ്ഠിത പരിശീലനം ഉൾപ്പെടെയുള്ള കാര്യശേഷി വികസനവും നൈപുണ്യ മെച്ചപ്പെടുത്തൽ പരിപാടിയും | 75 | 30 |
| 2. | 2216-80-101-99 | ഓഫീസ് നവീകരണവും ക്യാമ്പസ് വികസനവും | 50 | 30 |
| 3 | 2216-80-101-99 | കലവറയുടെ പ്രവർത്തനങ്ങൾ | 50 | 25 |
| 4 | 2216-80-101-98 | ഫിനിഷിംഗ് സ്കൂൾ | 25 | 10 |
| | | ആകെ | 200 | 95 |

1. 16/04/2018-ലെ സ. ഉ. (പി) നം. 62/2018/ധന-യിലെ വ്യവസ്ഥയ്ക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.

2. 09/12/2008-ലെ സർക്കുലർ നം. 84/2008/ധനയിലെയും 30/01/2018-ലെ സർക്കുലർ നം. 08/2018/ധന-ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

3. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ. ഉ. (കൈ) നം. 04/2020/ധന പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്.

4. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാഗേഷ്.ഡി

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം

ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ് (UO. No. WW-WW1/114/2024-FIN dated 12.03.2025)

ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്

ഐ&പി. ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Krishnakumar S

Date: 17-03-2025 11:11:53

സെക്ഷൻ ഓഫീസർ